





## മഴവില്ല്

കുട്ടികളിൽ മറഞ്ഞു കിടക്കുന്ന അവരുടെ പാഠ്യേതര മികവുകൾ പുറത്തെടുക്കാനുള്ള പ്രത്യേക പരിപാടി

## പേരിനു പിന്നിൽ

മഴവില്ല് എന്ന പേര് ഈ പ്രവർത്തനത്തിന് സ്വീകരിച്ചത് വ്യത്യസ്തമായ നിറങ്ങൾ കൊണ്ട് സുന്ദരമായ മഴവില്ല് രൂപപ്പെടുന്നത് പോലെ; വ്യത്യസ്തമായ കഴിവുകൾ നിറഞ്ഞ കുട്ടികളെ അവരുടെ മികവുകൾ പുറത്തെടുത്തു അവതരിപ്പിക്കാൻ അവസരം നൽകുന്നതിലൂടെ വിദ്യാലയത്തിലും സമൂഹത്തിലും ഭംഗിയുള്ള മഴവില്ലുകൾ രൂപീകരിക്കപ്പെടും.

## പ്രവർത്തനത്തിന്റെ രീതി

ഓരോ ആഴ്ചയിലും ഒരു നിശ്ചിത സമയത്ത് ഓരോ ക്ലാസിലെയും കുട്ടികൾക്ക് മാത്രമായുള്ള ഒരു സാഹിത്യ സമാജമാണ് മഴവില്ല്. വ്യക്തിഗത ഇനങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. അതിൽ തന്നെ പ്രസംഗം, കഥ, സംഭാഷണം, ഗാനം, വ്യക്തിപരിജയം, ചെടിപരിചയം, പുസ്തകപരിചയം, കടം കഥ തുടങ്ങിയ ഇനങ്ങൾ അവതരിപ്പിക്കാൻ ആണ് കൂടുതൽ അവസരം നൽകുന്നത്.

നൃത്തം പോലെയുള്ളവ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു ദിവസം ഒരു ക്ലാസ്സിലെ കുട്ടികൾക്ക് മാത്രമായിരിക്കും അവസരം, അതിൽ ആങ്കറിങ് ഉൾപ്പെടെ കുട്ടികൾ തന്നെയാണ് നിർവഹിക്കുന്നത്.

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും കാണാനുള്ള അവസരം നൽകിയാണ് പ്രവർത്തനം നടപ്പിലാക്കുന്നത്. ഒരു ദിവസം ഒരു കുട്ടിക്ക് ഒരു ഇനത്തിൽ മാത്രമേ പങ്കെടുക്കാൻ പാടുള്ളു. ഒരു ദിവസം പങ്കെടുത്ത കുട്ടിക്ക് അടുത്ത ദിവസം ഊഴം നൽകാതെ മുഴുവൻ കുട്ടികളെയും പങ്കാളിത്തം ഉറപ്പാക്കുന്നു.









## പ്രവർത്തനത്തിന്റെ സമയം

എല്ലാ ബുധനാഴ്ചകളിലും 1.30 മുതൽ 2.00 മണിവരെയുള്ള സമയത്ത് സ്കൂൾ ഓഡിറ്റോറിയത്തിലാണ് മഴവില്ല് സംഘടിപ്പിക്കുന്നത്. പഠന സമയം നഷ്ടപെടാത്ത രൂപത്തിൽ സംഘടിപ്പിക്കാൻ സാധിപ്പിക്കുന്നു.

## നേട്ടങ്ങൾ

1. കുട്ടികളിൽ സഭാകമ്പം ഇല്ലാതാക്കാൻ സഹായിക്കുന്നു.
2. ആശയ വിനിമയത്തിന്റെവിവിധ കഴിവുകൾ നേടിയെടുക്കുന്നു.
3. പാഠ്യേതര വിഷയങ്ങളിൽ പങ്കെടുക്കാനുള്ള അവസരം
4. വായനയെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ സാധിക്കുന്നു
5. വ്യക്തിപരിചയം, പുസ്തക പരിചയം തുടങ്ങിയവയിലൂടെ പൊതുവിജ്ഞാനം പകർന്നു നൽകാൻ സാധ്യമാകുന്നു.
6. രക്ഷിതാക്കളുടെയും, അധ്യാപകരുടെയും പങ്കാളിത്തം കൊണ്ട് കുട്ടികളുടെ കഴിവുകൾ തിരിച്ചറിയാൻ അവർക്ക് സാധിക്കുന്നു.
7. വ്യക്തിഗത ഇനങ്ങൾക്ക് പ്രാധാന്യം നൽകുന്നതിലൂടെ ഓരോ കുട്ടിയേയും മനസിലാക്കാൻ കഴിയുന്നു.
8. 30.00 മിനിട്ട് സമയമായത് കൊണ്ട് തന്നെ പഠനസമയം നഷ്ടപെടാതെയും മുഴുവൻ കുട്ടികൾക്കും ഉൾകൊള്ളാനും പ്രോഗ്രാമിന്റെ അവസാനം അവതരിപ്പിക്കപ്പെട്ടവയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ നൽകിയും മഴവില്ല് വിത്യസ്തമാവുന്നു.
9. കടം കഥകൾ പോലുള്ളവ അവതരിപ്പിക്കുമ്പോൾ അതിന്റെ ഉത്തരം പറയാനുള്ള അവസരം സദസിനായിരിക്കും അതിലൂടെയും മുഴുവൻ കുട്ടികൾക്കും പങ്കാളിത്തമുണ്ടാകുന്നു.
10. പ്രീ പ്രൈമറി ഉൾപ്പടെയുള്ള കുട്ടികൾക്കും പങ്കാളിത്തമുള്ളതുകൊണ്ട് അവർക്കും സദസിനു മുന്നിൽ വരാൻ അവസരമുണ്ടാകുന്നു.
11. ഒരു ദിവസം ഒരു ക്ലാസിനു എന്നുള്ളത് കൊണ്ട് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും മഴവില്ല് പ്രയോജനപ്പെടുന്നു.
12. വിവിധ ഭാഷ ശേഷികൾ കുട്ടികൾ നേടുന്നു.









## പ്രചാരണം

ഒരാഴ്ച മുമ്പ് തന്നെ മുൻകൂട്ടി കുട്ടികളെ അറിയിക്കുന്നു. കൂടാതെ മഴവില്ലിനു പ്രത്യേകം പോസ്റ്ററുകളുണ്ടാക്കി ക്ലാസ് പി. റ്റി. എ ഗ്രൂപ്പുകളിൽ കൈമാറുന്നു. ഓരോ ദിവസത്തെയും മഴവില്ലുകളിൽ പരിപാടികൾ അവതരിപിച്ച കുട്ടികളുടെ ഫോട്ടോയും, വീഡിയോയും നിർമിച്ചു അവതരിപ്പിക്കുന്നു.




